# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2622** **18.08.2017 ൽ മറുപടിക്ക്**

**മാവേലിക്കര നിയോജക മണ്ഡലത്തിലെ മരാമത്ത് പ്രവൃത്തികൾ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ആർ. രാജേഷ്** | **ശ്രീ ജി സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) മാവേലിക്കര നിയോജക മണ്ഡലത്തിൽ ബഡ്ജറ്റിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികൾ ആരംഭിക്കുന്നതിന് വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | എ) മാവേലിക്കര നിയോജക മണ്ഡലത്തിൽ ബഡ്ജറ്റിൽ ഉൾപ്പെടുത്തി നിരത്തുകളും പാലങ്ങളും വിഭാഗത്തിൻ കീഴിൽ വരുന്ന 4 പ്രവൃത്തികൾ എഗ്രിമെന്റ് വച്ച് ആരംഭിച്ചിട്ടുണ്ട്.<br>നൂറനാട് ലെപ്രസി സാനിട്ടോറിയത്തിലെ കെട്ടിട വിപുലീകരണം , ചുറ്റുമതിൽ നിർമ്മാണം എന്നിവ സംയോജിപ്പിച്ച് നബാർഡ് ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ വർക്കിനു വേണ്ടിയുള്ള ആർക്കിടെക്ചറൽ ഡ്രോയിംഗ് തയ്യാറായിട്ടുണ്ട്. മണ്ണ് പരിശോധനയ്ക്കുള്ള ദർഘാസ് നടപടികൾ പൂർത്തിയായി വരുന്നു.<br>രാജാരവിവർമ്മ ഫൈൻ ആർട്സ് കോളേജിൽ പുതിയ കെട്ടിടത്തിന് വേണ്ടിയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരികയാണ്. ശാരദാമന്ദിരം കോളേജിനു വേണ്ടിയുള്ള സ്ഥലം ലഭ്യമായിട്ടില്ല. |
| ബി) പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | ബി) നിരത്തുകളും പാലങ്ങളും വിഭാഗത്തിലെ പ്രവൃത്തികളുടെ പ്രാരംഭ പ്രവർത്തനങ്ങൾ ഇതിനകം ആരംഭിച്ചിട്ടുണ്ട്. കെട്ടിട വിഭാഗത്തിലെ പ്രവൃത്തികൾ അടിയന്തിരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ